**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 536** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രവർത്തനങ്ങളും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം മാത്രം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്. |
| (ബി) | സർക്കാരിന്റെ അധിക ചെലവും നികുതി പിരിവിലെ | (ബി) | സംസ്ഥാനത്തിന്റെ തനത് നികുതി, നികുതി ഇതര |

| | | | |
|---|---|---|---|
| | പിടിപ്പുകേടുമാണ് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുവാൻ കാരണം എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | | വരുമാനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2021-22 ൽ യഥാക്രമം 22%, 43% വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം, വരവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നറിയിക്കാമോ; | (സി) | സംസ്ഥാനത്തിന്റെ തനത് നികുതി, നികുതി ഇതര വരുമാനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2021-22 ൽ യഥാക്രമം 22%, 43% വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം, വരവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ |

| | | | |
|---|---|---|---|
| | | | വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | റവന്യൂ റിക്കവറി നടപടികൾ പ്രകാരം 2021-22 സാമ്പത്തിക വർഷം അധിക വരുമാനം നേടാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | അധിക വരുമാനം കണ്ടെത്തുന്നത് ലക്ഷ്യമാക്കി സർക്കാർ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ